

## സഹയാത്രികര്‍

■ അബൂഫിദല്‍

# മനോരമയും മുസ്‌ലിംകളും

***മലയാള മനോരമ****യും* മുസ്‌ലിംകളും തമ്മിലുള്ള ബന്ധമെന്താണ്? ഒ. അബ്ദുല്ല അതിനെ ഇങ്ങനെയാണ് നിരീക്ഷിക്കുന്നത്. 'വിഡ്ഢികളാണ് മലബാറിലെ കാക്കമാര്‍. ശുദ്ധ വിഡ്ഢികള്‍. *മലയാള മനോരമ*യുടെ വരികള്‍ക്കിടയില്‍ വായിക്കാന്‍ അവര്‍ക്കറിയില്ല. വര്‍ഷത്തില്‍ 364 ദിവസവും സമുദായത്തിനെതിരെ വിഷം പുരട്ടുന്ന വാര്‍ത്തകള്‍ കൊടുത്ത് 365-ാം ദിവസം പാണക്കാട്ട് തങ്ങന്മാരില്‍ ഒരാളുടെ പേരക്കുട്ടിയുടെ മുടികളയല്‍ ചടങ്ങിന്റെ വാര്‍ത്ത ഫോട്ടോ സഹിതം കൊടുത്താല്‍ മലബാറിന്റെ പ്രിയപ്പെട്ട പത്രം *മനോരമ*യായിത്തീരുമെന്ന കാര്യത്തില്‍ കോട്ടയം അച്ചായന്‍മാര്‍ക്ക് യാതൊരു സംശയവുമില്ല'- *രിസാല* വാരികയില്‍ (ലക്കം 866) ഒ. അബ്ദുല്ല എഴുതിയ 'ലൗ ജിഹാദല്ല, ലൗ സയനൈഡ്' എന്ന ലേഖനത്തില്‍ നിന്ന്. *മലയാള മനോരമ*യുടെ ഒളിയജണ്ടകളെ തുറന്നു കാട്ടുന്ന ലേഖനങ്ങളുമായാണ് *രിസാല* പുറത്തിറങ്ങിയിരിക്കുന്നത്. 'മുസ്‌ലിം: മാധ്യമങ്ങളുടെ ഇര' (രാജീവ് ശങ്കര്‍), 'ആ സ്വാതന്ത്ര്യം എന്നാണ് റദ്ദായത്' (എ.ജെ ജയറാം), 'മാധ്യമ മേല്‍ക്കോയ്മയുടെ കാലം' (നുഐമാന്‍) എന്നീ ലേഖനങ്ങള്‍ മലയാള മാധ്യമങ്ങളുടെ മുസ്‌ലിം വിരുദ്ധ സമീപനത്തെ പൊതുവായും *മനോരമ*യുടെ അക്കാര്യത്തിലെ മുന്‍കൈയെ സവിശേഷമായും പരിശോധിക്കുന്നു. *മനോരമ*യുടെ സ്കൂള്‍ പതിപ്പായ *പഠിപ്പുര*യില്‍ ടിപ്പു സുല്‍ത്താനെ വര്‍ഗീയ മനസ്സോടെ പരിചയപ്പെടുത്തുന്ന

കുറിപ്പിനെയും *രിസാല* കൈകാര്യം ചെയ്യുന്നുണ്ട്. ടിപ്പു സുൽത്താന്റെ മതസമീപനത്തെക്കുറിച്ച് ഡോ. ഹുസൈൻ രണ്ടത്താണിയുടെ ലേഖനവും ഡോ. എം.ഗംഗാധരനുമായി കെ.എം മുസ്തഫ നടത്തിയ അഭിമുഖവും. *മനോരമ*ക്കെതിരായ മാനിഫെസ്റ്റോ ആയി *രിസാല*യുടെ പുതിയ ലക്കത്തെ വിശേഷിപ്പിക്കാം.

1987 ലെ ശരീഅത്ത് വിവാദം കൊണ്ട് വലിയൊരു ഗുണമുണ്ടായി. മാധ്യമങ്ങളുടെ പ്രത്യയശാസ്ത്ര അന്തർധാരകളെക്കുറിച്ച് മുസ്‌ലിംകളെ ശരിക്കും ബോധ്യപ്പെടുത്തിയ അനുഭവമായിരുന്നു അത്. അങ്ങനെയാണ് മുസ്‌ലിംകളുടെ ആഭിമുഖ്യത്തിൽ പുതിയ മാധ്യമ സംരംഭങ്ങളുണ്ടാവുന്നത്. കേരളത്തിലെ ഇസ്‌ലാമിന്റെ സാംസ്കാരിക ചരിത്രത്തിൽ വലിയ കുതിപ്പുകൾക്ക് അത്തരം സംരംഭങ്ങൾ കാരണമായി. സമാനമായ അനുഭവം തന്നെയാണ് ലൗ ജിഹാദ് കാമ്പയിനും നമുക്ക് തന്നത്. എത്ര പെട്ടെന്നാണ് മതേതരം എന്ന് നാം ധരിച്ചിരുന്ന മാധ്യമങ്ങൾ തനിനിറം പുറത്ത് കാണിച്ച് കലി തുള്ളാൻ തുടങ്ങിയത്. ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ഏഴിമല നാവിക അക്കാദമിയെക്കുറിച്ച് മുഖപ്രസംഗം എഴുതിയ *മനോരമ*യെ മുസ്‌ലിംകൾ വേണ്ടത്ര തിരിച്ചറിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന് ലൗ ജിഹാദിന്റെ സന്ദർഭത്തിൽ മികച്ച മാധ്യമ വിദ്യാഭ്യാസം നേടിയെടുക്കാൻ മുസ്‌ലിം സമൂഹത്തിന് സാധിച്ചുവെന്നതാണ് പ്രത്യേകത. ഈ മാധ്യമ സാക്ഷരത വരുംകാലങ്ങളിൽ അവരുടെ സാംസ്കാരിക ഇടപെടലുകൾക്ക് കൂടുതൽ മൂർത്തതയും ലക്ഷ്യബോധവും നൽകും. ആ നിലയിലേക്ക് സമുദായത്തെ നയിക്കുന്നതാണ് ലൗ ജിഹാദാനന്തര മുസ്‌ലിം ആനുകാലികങ്ങളുടെ ഉള്ളടക്കങ്ങൾ.

## ആയുർവേദവും ഇസ്‌ലാമും

'ആയുർവേദവും ഇസ്‌ലാമും'-വ്യത്യസ്തമായ ഈ തലക്കെട്ടുമായാണ് *പച്ചക്കുതിര* പുതിയ ലക്കം (68) പുറത്തിറങ്ങിയിരിക്കുന്നത്. ലേഖനം ഡോ.പി.എ അബൂബക്കറിന്റേത്. 'ഇസ്‌ലാമിനും ആയുർവേദത്തിനുമിടയിൽ നിലനിൽക്കുന്ന ദാർശനികമായ സാമ്യതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് മധ്യമ സമീപനമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും തീവ്രവാദപരമായ നിലപാടുകളിൽ നിന്ന് വിട്ടുനിൽക്കാനാണ് സർവധർമങ്ങളിലും മധ്യമ സമീപനം പുലർത്തണമെന്ന് പറയുന്ന ആയുർവേദവും, നിങ്ങൾ ഒരു മധ്യമ സമുദായം ആയിരിക്കണമെന്ന് സ്വന്തം അനുയായികളോട് കൽപിക്കുന്ന ഇസ്‌ലാമും ശ്രമിക്കുന്നത്'. ആയുർവേദം, ഇന്ത്യൻ തത്ത്വ ചിന്ത തുടങ്ങിയവയിലെ പദാവലികളും സാങ്കേതിക ശബ്ദങ്ങളും കൊണ്ട് നിറഞ്ഞ ലേഖനം വിഷയത്തിൽ നല്ല അവഗാഹമില്ലാത്ത ഒരാളെ ആകർഷിച്ചു കൊള്ളണമെന്നില്ല. എങ്കിലും വ്യത്യസ്തമായൊരു സബ്ജെക്റ്റ് എന്ന നിലയിൽ ഇത് ആരെയും ആകർഷിക്കുകയും ചെയ്യും.

## തടവുകാരുടെ അവകാശങ്ങൾ വധശിക്ഷയുടെ നൈതികത

"ചോദ്യം: ശിക്ഷയുടെ പ്രത്യയശാസ്ത്രം ബലപ്പെടുത്തുന്ന ഈ സന്ദർഭത്തിൽ വ്യത്യസ്തമായ മാതൃകകൾ ചൂണ്ടിക്കാണിക്കാനുണ്ടോ? പൗരന്റെ ജീവന്റെ മേലടക്കം അധികാരമുള്ള ഒരു ശിക്ഷാ വ്യവസ്ഥയെ മനുഷ്യാവകാശത്തിന്റെയും ജനാധിപത്യത്തിന്റെയും വീക്ഷണത്തിൽ വിമർശന പരിധിയിൽ നിർത്തുന്ന ഒരു പുതിയ രാഷ്ട്രീയ സമീപനത്തിന് സൂചന നൽകാൻ?

ഉത്തരം: വധശിക്ഷയുടെയും മറ്റും കാര്യത്തിൽ യൂറോപ്യൻ മാതൃകയിൽ നിന്ന് വ്യത്യസ്തമായ ഒന്ന് ഇസ്‌ലാമിലുണ്ടെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അവിടെ ആർക്കും

വധശിക്ഷ നൽകാൻ സ്റ്റേറ്റിന് അധികാരമില്ല. കുറച്ച് ചോരക്കൊതി മനുഷ്യനിലുള്ളതാണ്. മനുഷ്യൻ അത്ര സമാധാന പ്രിയനായ ജീവിയൊന്നുമല്ല. വയലന്റായ ഒരു ജീവിയാണ് മനുഷ്യൻ. അത് അംഗീകരിച്ചു കൊണ്ട് തന്നെ അതിന് പരിധി വെക്കുന്ന ഒരു വീക്ഷണം ഇസ്‌ലാമിലുണ്ട്. അവിടെ കൊല്ലാൻ ഭരണകൂടത്തിന് അവകാശമില്ല. കൊല്ലാനുള്ള ഫൈനൽ തീരുമാനമെടുക്കുന്നത് ഒരിക്കലും സ്റ്റേറ്റല്ല-തത്വത്തിൽ. പ്രായോഗിമായി അങ്ങനെയൊന്നുമായിരിക്കില്ല നടക്കുന്നത്-അത് വേറെ കാര്യം. ആർക്കാണോ നഷ്ടം സംഭവിച്ചത് അയാളുടെ സ്വന്തക്കാർക്കാണ് തീരുമാനമെടുക്കാനുള്ള അവകാശം. അതിൽ ഖാസിയുടെ ജോലി നഷ്ടം സംഭവിച്ച കുടുംബത്തോട് കൊല ചെയ്തവന് സ്പെയർ ചെയ്യാൻ, ഒഴിവാക്കിക്കൊടുക്കാൻ യാചിക്കുക എന്നതാണ്, അതവരെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക എന്നതാണ്. അത് ചെയ്യാനാണ് സർക്കാർ ഖാസിയെ വെച്ചിട്ടുള്ളത്. സ്വത്ത് കൈമാറുക, ആജന്മസേവനം നൽകുക, ഇങ്ങനെയെന്തെങ്കിലും കരാറംഗീകരിച്ച് വധശിക്ഷയിൽ നിന്ന് അയാളെ ഒഴിവാക്കാൻ ഖാസി അവരെ പ്രേരിപ്പിക്കും. തീരുമാനം പറയേണ്ടത് വീട്ടുകാരാണ്. സമുദായക്കാരല്ല; വീട്ടുകാർ. അപ്പം ഇത്തരം വ്യത്യസ്തമായ കാര്യങ്ങൾ ലോകത്ത് അൺനോൺ ഒന്നുമല്ല. പക്ഷേ, നമ്മളെ സംബന്ധിച്ച് ലോകത്ത് ഒരു മാതൃകയേയുള്ളൂ. അത് യൂറോപ്യൻ മാതൃകയാണ്.

തടവുകാരുടെ അവകാശങ്ങൾ, ജയിലവസ്ഥകൾ, തടവുകാരുടെ രചനകൾ എന്നിവക്ക് മാത്രമായി ഉള്ള പ്രസിദ്ധീകരണമാണ് *ഒന്നിരാടൻ* ദ്വൈമാസിക. അതിന്റെ ഒക്ടോബർ-നവംബർ ലക്കത്തിൽ ജെ. ദേവികയുമായി നടത്തിയ ദീർഘമായ അഭിമുഖത്തിൽ നിന്നാണ് ഈ വരികൾ.

കൊച്ചിയിലെ അമൃതാ മെഡിക്കൽ കോളേജിന് സ്വകാര്യ പോസ്റ്റ് മോർട്ടം നടത്താനുള്ള അവകാശം കഴിഞ്ഞ യു.ഡി.എഫ് സർക്കാർ നൽകിയിരുന്നു. സ്വകാര്യവൽക്കരണങ്ങളെ എതിർത്തു പോരുന്ന ഇടതുപക്ഷം പോലും പക്ഷേ, ദൂരവ്യാപകമായ പ്രത്യാഘാതം ഉളവാക്കുന്ന ഈ തീരുമാനത്തെ എതിർത്തില്ല. ഇടതുപക്ഷം അധികാരത്തിൽ വന്നതിനുശേഷം അമൃത ഹോസ്പിറ്റലിനുള്ള ഈ പ്രത്യേകാവകാശം തുടരുന്നു. ഈ പ്രശ്നത്തെ ആഴത്തിലും ഗൗരവത്തിലും സമീപിക്കുന്നതാണ് *ഒന്നിരാടൻ* പുതിയ ലക്കം. സിവിക് ചന്ദ്രൻ, ദേവിക എന്നിവരുമായുള്ള ദീർഘ അഭിമുഖം ഇതിന്റെ വ്യത്യസ്ത പരിപ്രേക്ഷ്യങ്ങൾ വിശകലനം ചെയ്യുന്നു. കൂടാതെ തടവുകാരുടെ അവകാശ മണ്ഡലവുമായി ബന്ധപ്പെട്ട കനപ്പെട്ട രചനകളും തടവുകാരുടെ കവിതകളും. കെ. ഗിരീഷ് കുമാറാണ് *ഒന്നിരാടന്റെ* പത്രാധിപർ.

## അവസാനം പി.ജി അത് വായിച്ചു

പി.ഗോവിന്ദപിള്ള എന്ന പി.ജി കേരളത്തിലെ ഇടതുചിന്തയുടെ തലതൊട്ടപ്പനാണ്. അഗാധ പണ്ഡിതൻ, പരന്ന വായനക്കാരൻ, വിജ്ഞാനത്തിന്റെയും വിവരത്തിന്റെയും കലവറ. പക്ഷേ; ഏതാണ്ടെല്ലാ ഇടതുചിന്തകരെയും പോലെ സവർണപൊതുബോധത്തിന്റെ വഴുക്കുന്ന പ്രതലത്തിൽ തന്നെയാണ് അദ്ദേഹം പലപ്പോഴും നിൽപുറപ്പിക്കാറ്. ചരിത്രം പി.ജിയുടെ പ്രധാനപ്പെട്ടൊരു ഏരിയ ആണ്. കേരള ചരിത്രവും അതെ. കേരള ചരിത്രം എന്നു പറഞ്ഞാൽ ഇളംകുളം കുഞ്ഞൻപിള്ളയും സർദാർ കെ.എം പണിക്കരും മറ്റും പറഞ്ഞതു മാത്രമാണ് എന്നാണ് നമ്മുടെ മുഖ്യധാരാ ചരിത്രകാരന്മാരുടെ വെപ്പ്. കേരളത്തിലെ ആദ്യത്തെ അറിയപ്പെട്ട ചരിത്ര ഗ്രന്ഥമായ സൈനുദ്ദീൻ മഖ്ദൂമിന്റെ *തുഹ്ഫത്തുൽ മുജാഹിദീന്* നമ്മുടെ പണ്ഡിത മാന്യന്മാർക്കിടയിൽ അടുത്ത കാലത്ത് മാത്രമാണ് ചരിത്രഗ്രന്ഥം എന്ന നിലയിൽ 'അംഗീ

കാരം' കിട്ടിയത്. അറബിയിലുള്ള മാപ്പിളമാരുടെ ഏതോ കിതാബ് എന്ന മട്ടിലായിരുന്നു അക്കാദമിക മാന്യന്മാർ അതിനോട് പെരുമാറിയിരുന്നത്. അതിന് മലയാളം പതിപ്പും ഇംഗ്ലീഷ് പതിപ്പും ഉള്ള കാര്യം വരെ പലരും അറിഞ്ഞില്ല. പി.ജി തന്നെ പറയട്ടെ: 'ഔപചാരികമായ പഠനമെല്ലാം കഴിഞ്ഞ ശേഷമാണ് സർദാർ കെ.എം പണിക്കരുടെ *പോർച്ചുഗീസ് ഇൻ മലബാർ*, *ഡച്ച് ഇൻ മലബാർ* തുടങ്ങിയ പുസ്തകങ്ങളും ലോഗന്റെ *മലബാർ മാന്വലും* മറ്റും വായിക്കാനിടയായത്. അവയിൽ നിന്ന് സൈനുദ്ദീൻ മഖ്ദൂമിന്റെ ഈ പുസ്തകത്തെപ്പറ്റി ചിലതൊക്കെ മനസ്സിലാക്കി എങ്കിലും അത് അറബിയിലായിരുന്നതിനാൽ വായിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഈ പുസ്തകത്തിന്റെ മലയാള വിവർത്തനത്തിന് ഡോ.കെ.കെ.എൻ കുറുപ്പ് എഴുതിയ പ്രൗഢവും സമഗ്രവുമായ അവതാരികയിൽ നിന്നാണ് അതിന് ചില ഇംഗ്ലീഷ് വിവർത്തനങ്ങളും അറബി മലയാളത്തിലുള്ള വിവർത്തനവും ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലായത്. അങ്ങനെ ഈ പുസ്തകം വായിക്കാൻ ആറ്റുനോറ്റിരിക്കുമ്പോഴാണ് ഒരു സ്നേഹിതൻ അതിന്റെ നല്ല മലയാള വിവർത്തനം തേടിപ്പിടിച്ച് തന്നത്. ഇപ്പോൾ എനിക്ക് കിട്ടിയിരിക്കുന്ന മലയാള വിവർത്തനം 2007-ൽ പ്രസിദ്ധീകരിച്ച നാലാം പതിപ്പാണ്. 1995-ലാണ് ഒന്നാം പതിപ്പ് വന്നത്. ഈ കാലയളവിൽ ഇപ്രകാരം ഒരു പഴയ ചരിത്രഗ്രന്ഥത്തിന് നാല് പതിപ്പുണ്ടായി എന്ന് പറയുന്നത് തന്നെ ആ പുസ്തകത്തിന്റെ ജനപ്രീതിയെ സാക്ഷ്യപ്പെടുത്തുന്നു'. 1995ൽ മലയാളം പതിപ്പ് പുറത്തിറങ്ങിയിട്ടും പി.ജി അത് വായിക്കാൻ 15 വർഷം വേണ്ടിവന്നുവെന്നതിന് എന്തായിരിക്കും വിശദീകരണം. അതിലേക്ക് പി.ജി കടക്കുന്നില്ല (കടക്കാനാവില്ല എന്നതാണ് വാസ്തവം). പക്ഷേ, അത് വായിക്കാൻ താൻ വൈകിയതിലല്ല; വിവർത്തനം വരാൻ വൈകിയതിലാണ് പി.ജി പ്രയാസപ്പെടുന്നത്. 'പിൽക്കാലത്ത് കുഞ്ഞാലി മരക്കാർമാരും പറങ്കികളും തമ്മിൽ നടന്ന നൂറ്റാണ്ടുകൾ നീണ്ട പോരാട്ടത്തെ സംബന്ധിച്ച് ആധികാരികമായി എഴുതിയ ഒ.കെ നമ്പ്യാർ ഉൾപ്പെടെ പലരും സൈനുദ്ദീൻ മഖ്ദൂമിനോടും അദ്ദേഹത്തിന്റെ ചരിത്രത്തോടും കടപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷിലും ഫ്രഞ്ചിലും പോർച്ചുഗീസിലും കന്നഡയിലും തമിഴിലും സ്പാനിഷിലും എല്ലാം വളരെ നേരത്തെ തന്നെ വിവർത്തനം ചെയ്യപ്പെട്ട *തുഹ്ഫത്തുൽ മുജാഹിദീൻ* നല്ല മലയാളത്തിൽ(?!) വിവർത്തനം ചെയ്തു കിട്ടാൻ 1995 വരെ കാത്തിരിക്കേണ്ടി വന്നു എന്നത് വിസ്മയകരമായിരിക്കും' (പച്ചക്കുതിര, നവംബർ 2009) ■



● *പി. ഗോവിന്ദപ്പിള്ള*